## പതിമൂന്നാം കേരള നിയമ സഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ . *36 — 01-12-2015-ൽ മറുപടിക്ക്.

### ഐ.ടി. ഡെസ്റ്റിനേഷൻ

**ചോദ്യം**

ശ്രീ. കെ.എം. മാണി

**മറുപടി**

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
( വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കേരളത്തെ ഐ.ടി ഡെസ്റ്റിനേഷനായി മാറ്റിയെടുക്കുന്നതിലേക്ക് നാളിതുവരെ എന്തെല്ലാം പ്രവർത്തനങ്ങൾ ചെയ്തുവെന്നും ഏതെല്ലാം മേഖലകളിൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തിയെന്നും എത്ര രൂപ മുടക്കിയെന്നും വ്യക്തമാക്കാമോ ; | (എ) | കേരളത്തെ ഒരു ഐ.ടി ഡെസ്റ്റിനേഷൻ ആക്കി മാറ്റുന്നതിനായി സർക്കാർ നിരവധി കർമ്മ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. വിവര സാങ്കേതിക വിദ്യാ മേഖലയിലെ വിവിധ ഘടകങ്ങളുടെ വികസനത്തിനായി സർക്കാർ പുതിയ ഐ.ടി നയം പ്രഖ്യാപിച്ച വിവര സാങ്കേതിക വിദ്യ പൂർണ്ണമായും പ്രയോജനപ്പെടുത്തിക്കൊണ്ട് ഐ.ടി. രംഗത്തെ വളർച്ചയ്ക്കായി ടെക്നോപാർക്ക്, ഇൻഫോപാർക്ക്, സൈബർപാർക്ക് എന്നീ സർക്കാർ ഉടമസ്ഥതയിലുള്ള ഐ.ടി. പാർക്കുകളിൽ കൂടുതൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുക, സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്വകാര്യ പങ്കാളിത്തത്തോടുകൂടി ഹൈടെക് ഐ.ടി. പാർക്കുകൾ സ്ഥാപിക്കുക, അതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ സജ്ജീകരിക്കുക തുടങ്ങി ഐ.ടി. /ഐ.ടി അധിഷ്ഠിത മേഖലയ്ക്ക് ഊന്നൽ നൽകിക്കൊണ്ടാണ് സർക്കാർ പുതിയ ഐ.ടി. നയം രൂപീകരിച്ചിട്ടുള്ളത്. തിരുവനന്തപുരം ടെക്നോപാർക്ക്, കൊച്ചി ഇൻഫോപാർക്ക്, കോഴിക്കോട് സൈബർപാർക്ക് എന്നീ പ്രധാന പാർക്കുകൾ കേന്ദ്രമാക്കി 'ഹബ് & സ്പോക്ക്'(Hub & Spoke) മാതൃകയിൽ ഐ.ടി പാർക്കുകൾ ആരംഭിക്കുകയും ഈ രീതിയിൽ ഐ.ടി വ്യവസായം സംസ്ഥാനത്താകെ വ്യാപിപ്പിക്കുവാനുള്ള നടപടികളും സ്വീകരിച്ച് വരുന്നു. ടെക്നോപാർക്കിന്റെ കീഴിൽ കുണ്ടറയിലും, ഇൻഫോ പാർക്കിന്റെ കീഴിൽ ചേർത്തലയിലും കൊരട്ടിയിലും ഐ.ടി.പാർക്കുകളുടെ നിർമ്മാണം പൂർത്തിയായിക്കഴിഞ്ഞു. സൈബർ പാർക്കിന്റെ കീഴിൽ കണ്ണൂരും കാസറഗോഡും ഐ.ടി. പാർക്കുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ച് കഴിഞ്ഞു. കോട്ടയം ജില്ലയിലെ വലവൂരിൽ ഐ.ടി.പാർക്കിനുള്ള ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ച് വരുന്നു. മലപ്പുറം ജില്ലയിൽ അരീക്കോട്, പാലക്കാട് ജില്ലയിൽ കൊപ്പം, കണ്ണൂർ ജില്ലയിൽ തലശ്ശേരിയിലെ എരഞ്ഞോളി എന്നിവിടങ്ങളിൽ റൂറൽ ഐ.ടി. പാർക്കുകൾ |

| | | | |
|---|---|---|---|
| | | | സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ ചില ജില്ലകളിൽ ടെക്നോ ലോഡ്ജുകളും പ്രവർത്തിച്ചു വരുന്നുണ്ട്. ടെക്നോപാർക്ക്, ഇൻഫോ പാർക്ക് എന്നിവടങ്ങളിൽ കഴിഞ്ഞ മൂന്ന് വർഷങ്ങളിലായി സംസ്ഥാന സർക്കാർ ഐ.ടി. പാർക്കുകളുടെ ബ്രാൻഡ് പ്രൊമോട്ട് ചെയ്യുന്നതിനോടൊപ്പം തന്നെ, പുതിയ ഐ.ടി. സംരംഭകരെക്കൂടി ഐ.ടി. സംഘത്തിൽ ഉൾപ്പെടുത്തി യൂറോപ്പ്, ആസ്ട്രേലിയ, മിഡിൽ ഈസ്റ്റ് എന്നിവിടങ്ങളിലെ രാജ്യങ്ങളിൽ നടന്ന ഐ.ടി. മേളകളിലും മറ്റും പങ്കെടുക്കുന്നതിനായി അവസരം നൽകി. ഇതുവഴി എസ്.എം.ഇ കമ്പനികൾക്കും സി.ഇ.ഒ മാർക്കും 'ഗ്ലോബൽ എക്സ്പോഷർ'-നുള്ള അവസരം ലഭിച്ചു. ദേശീയ-അന്തർദ്ദേശീയ തലത്തിൽ സംസ്ഥാനത്തെ ഐ.ടി. കമ്പനികൾ കൂടുതൽ ശ്രദ്ധിക്കപ്പെടുവാനും നിരവധി പുതുസംരംഭകർക്ക് അവസരം ഒരുക്കുവാനും ഇതുമൂലം സാധിച്ചിട്ടുണ്ട്.<br>ഐ.ടി ഫെയറുകളിൽ പങ്കെടുത്ത് മാർക്കറ്റ് ചെയ്യുന്നതിനായി കേരള ഐ.ടി('Kerala IT') എന്നൊരു ബ്രാൻഡ് ഉണ്ടാക്കുകയും GITEX, CEBIT, NASSCOM SUMMITS എന്നിവയിൽ പങ്കെടുക്കുകയും ചെയ്തിട്ടുണ്ട്.<br>കൊച്ചി സ്മാർട്ട് സിറ്റിയുടെ ആദ്യഘട്ടത്തിലുൾപ്പെടുന്ന 6.5 ലക്ഷം ച. അടി. വിസ്തീർണ്ണമുള്ള ഐ.ടി. കെട്ടിടത്തിന്റെ നിർമ്മാണം ദ്രുത ഗതിയിൽ പുരോഗമിച്ചു വരികയാണ്. ഇത് പൂർത്തിയാകുന്നതോടു കൂടി 5000 ഐ.ടി. പ്രൊഫഷണലുകൾക്ക് കൂടി ജോലി ലഭ്യമാകുമെന്ന് കണക്കാക്കുന്നു.<br>സാമ്പത്തിക ആനുകൂല്യങ്ങൾ ഐ ടി കമ്പനികൾക്ക് ലഭ്യമാക്കുന്നതിനു വേണ്ടി, കേരള സ്റ്റേറ്റ് ഐടി മിഷനിൽ ഒരു പ്രത്യേക ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ മാനേജ്മെന്റ് സെൽ രൂപീകരിക്കുകയും ഇതിലൂടെ സ്റ്റാൻഡേർഡ് ഇൻവെസ്റ്റ്മെന്റ് സബ്സിഡി നല്കി വരുകയും ചെയ്യുന്നുണ്ട്. ഈ പദ്ധതി വഴി ഇതുവരെ 9 കോടിയിലേറെ തുക കമ്പനികൾക്ക് നൽകിയിട്ടുണ്ട്.<br>സ്കൂൾ തലം മുതൽ തന്നെ സംരംഭകരാകുന്നതിനുള്ള പ്രോത്സാഹനവും സഹായവും നൽകി മികച്ച സംരംഭകരെ വാർത്തെടുക്കുന്നതിനായുള്ള വിവിധ പദ്ധതികൾ കേരള സ്റ്റാർട്ടപ്പ് മിഷൻ നടപ്പിലാക്കി വരുന്നു. സ്റ്റാർട്ടപ്പുകൾക്ക് ഇൻകുബേഷൻ നൽകുന്നതിനാവശ്യമായ എല്ലാവിധ അടിസ്ഥാന സൗകര്യങ്ങളും ടെക്നോപാർക്ക് കാമ്പസിലെ കേരളാ സ്റ്റാർട്ടപ്പ് മിഷന്റെ ഇൻകുബേഷൻ സെന്ററിൽ |

| | | | |
|---|---|---|---|
| | | | ഒരുക്കിയിട്ടുണ്ട്. ഇൻഫോപാർക്കിൽ നാസ്കോമുമായി സഹകരിച്ച് ഒരു സ്റ്റാർട്ടപ്പ് വെയർഹൗസ് സ്ഥാപിച്ചിട്ടുണ്ട്. എറണാകുളം കളമശ്ശേരിയിൽ ടെക്നോളജി ഇന്നവേഷൻ സോൺ എന്ന പേരിൽ ഒരു ഇന്നവേഷൻ ഹബ്ബ് സ്ഥാപിച്ചു വരുന്നു.<br>കേരളാ സ്റ്റാർട്ടപ്പ് മിഷന്റെ പ്രവർത്തനങ്ങൾക്കായി സംസ്ഥാന സർക്കാർ നാളിതുവരെ 63.79 കോടി രൂപ മുടക്കിയിട്ടുണ്ട്.<br>2011- മാർച്ച് 1ന പ്രവർത്തിച്ചു തുടങ്ങിയ അന്താരാഷ്ട്ര സ്വതന്ത്ര സോഫ്റ്റ് വെയർ കേന്ദ്രം (ഐ.സി.ഫോസ്)സ്വതന്ത്ര സോഫ്റ്റ് വെയർ പ്രചരണത്തിനും സ്വതന്ത്ര സോഫ്റ്റ് വെയറിന്റെ ശക്തി പ്രയോജനപ്പെടുത്തി പ്രാദേശിക തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും വേണ്ട പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു.<br>കേരളത്തെ ഒരു ഐ.ടി ഡെസ്റ്റിനേഷൻ ആക്കി മാറ്റുക എന്ന ലക്ഷ്യത്തിലേയ്ക്കുള്ള ഒരു സുപ്രധാന ചുവടു വയ്പ്പായി 15.08.2015-ൽ സംസ്ഥാനത്തെ ഡിജിറ്റൽ സംസ്ഥാനമായി ബഹു.മുഖ്യമന്ത്രി പ്രഖ്യാപിച്ചിട്ടുണ്ട്.<br>ഗ്രാമപഞ്ചായത്ത് തലം വരെ അതിവേഗ ഇന്റർനെറ്റ് കണക്ഷൻ ലഭ്യമാക്കുന്ന നാഷണൽ ഒപ്റ്റിക്കൽ ഫൈബർ നെറ്റ് വർക്ക് (National Optical Fibre Network)പദ്ധതി സംസ്ഥാനത്ത് ഗ്രാമപഞ്ചായത്ത് തലം വരെ ലഭ്യമാക്കിയിട്ടുണ്ട്. ഇതിന്റെ നൂതന രൂപമായ ഭാരത് നെറ്റ്(Bharatnet) പദ്ധതിക്കായി ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ(special purpose vehicle) രൂപീകരിക്കുന്നത് സംബന്ധിച്ച കാര്യങ്ങൾ തീരുമാനിക്കുവാൻ ഒരു ഉന്നത തല കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ കണക്ടിവിറ്റി മെച്ചപ്പെടുത്തുന്നതിനായി ഓപ്റ്റിക്കൽ ഫൈബർ കേബിളുകൾ സ്ഥാപിക്കുവാനായി പൊതു/സ്വകാര്യ ടെലികോം സേവന ദാതാക്കൾക്ക് 2001 മുതൽക്ക് 'റൈറ്റ് ഓഫ് വേ'(RoW)അനുമതി നൽകിവരുന്നുണ്ട്.<br>സംസ്ഥാനത്തെ മൊബൈൽ കണക്ടിവിറ്റി മെച്ചപ്പെടുത്തുവാൻ മൊബൈൽ ടവറുകൾ നിർമ്മിക്കാനുള്ള അനുമതിയും പാട്ടക്കരാർ വ്യവസ്ഥയിൽ സർക്കാർ ഭൂമികളിലും കെട്ടിടങ്ങളിലും മൊബൈൽ ടവറുകൾ നിർമ്മിക്കുവാനുള്ള അനുമതിയും ടെലകോം സേവന ദാതാക്കൾക്ക് നൽകിയിട്ടുണ്ട്.<br>സംസ്ഥാനത്ത് വൈ-ഫൈ (Wi-Fi) ഹോട്ട്സ്പോട്ടുകൾ സ്ഥാപിക്കുന്നതിനുള്ള അനുമതി സർക്കാർ നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ഇതുകൊണ്ട് സംസ്ഥാനത്തെ ഐ.ടി മേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാൻ സാധിച്ചിട്ടുണ്ടോ; ഇതുമൂലം ഉണ്ടായ നേട്ടങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ? | (ബി) | ഉണ്ട്.ടെക്നോപാർക്ക്, ഇൻഫോപാർക്ക്, സൈബർപാർക്ക് എന്നിവിടങ്ങളിൽ നിന്നുള്ള കമ്പനികളിൽ നിന്നു മാത്രം ഏകദേശം 8252 കോടി രൂപയുടെ വാർഷിക സോഫ്റ്റ് വെയർ കയറ്റുമതിയും, ഏകദേശം 80000-ത്തോളം വരുന്ന നേരിട്ടുള്ള തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. ഇതു കൂടാതെ ടെക്നോപാർക്ക്, ഇൻഫോപാർക്ക് എന്നിവിടങ്ങളിലെ കമ്പനികളിൽ നിന്നും പ്രതിവർഷം നികുതിയിനത്തിൽ സർക്കാരിന് ഗണ്യമായ തുക ലഭിക്കുന്നുണ്ട്.ഐടി മേഖലയിലും അനുബന്ധമേഖലകളിലുമുള്ള പ്രത്യക്ഷമായും, പരോക്ഷമായുമുള്ള നിരവധി തൊഴിലവസരങ്ങൾ, അഭ്യസ്ഥവിദ്യർക്ക് താല്പര്യമുള്ള മേഖലകളിൽ ലഭ്യമാകുന്ന തൊഴിൽ സാധ്യതകൾ, ഐ.ടി/ ഐ.ടി.ഇ.എസ് സംരംഭങ്ങൾ/ സ്വകാര്യ നിക്ഷേപങ്ങൾ എന്നിവ മൂലമുള്ള സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ച, സംസ്ഥാനത്തുണ്ടായ അന്താരാഷ്ട്ര നിലവാരമുള്ള അടിസ്ഥാനസൗകര്യങ്ങൾ, വാർത്താവിനിമയ സംവിധാനങ്ങൾ ,നിലവാരമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യങ്ങളോട്ടു കൂടിയ ആരോഗ്യ സ്ഥാപനങ്ങൾ, വിനോദോപാധികൾ ,സാമൂഹ്യ- സാംസ്കാരിക രംഗത്തെ പുരോഗതി, ഉയർന്ന ജീവിത നിലവാരം എന്നിവയും നേട്ടങ്ങളാണ്.മികച്ച സാങ്കേതിക നൈപുണ്യമുള്ളവർ രാജ്യത്തിനു പുറത്തേക്കും അന്യ സംസ്ഥാനങ്ങളിലേക്കും തൊഴിലവസരങ്ങളന്വേഷിച്ച് പോകുന്ന സാഹചര്യം പരമാവധി ഇല്ലാതാക്കി അവരുടെ വൈദഗ്ധ്യം ഐ.ടി വ്യവസായ മേഖലയുടെ വികസനത്തിന് പരമാവധി ഉപയോഗപ്പെടുത്താൻ കഴിഞ്ഞു.ഐ.ടി സ്റ്റാർട്ടപ്പ് മേഖലയെ സംബന്ധിച്ച് കൂടുതൽ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കി പ്രസ്തുത മേഖലയിൽ കാര്യമായ നേട്ടം കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. കൂടുതൽ യുവ സംരംഭകരെ പ്രാപ്തരാക്കുന്നതിനുള്ള പ്രവർത്തനം തുടർന്നു വരുന്നു. |

**സെക്ഷൻ ഓഫീസർ**